# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4358** **26.6.2014 ൽ മറുപടിക്ക്**

**<u>അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. കോടിയേരി ബാലകൃഷ്ണൻ** | | **ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്തെ അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ; | (എ) & (ബി) | അൺ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ യോഗ്യത, വേതനം എന്നിവ സംബന്ധിച്ച് കെ.ഇആർ അദ്ധ്യായം XIV (AA) -ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പൊതു വിദ്യാഭ്യാസ (ജെ) വകുപ്പിന്റെ 14.2.2011 ലെ ജി.ഒ(എം.എസ്) നമ്പർ 36/11/പൊ.വി നമ്പർ ഉത്തരവ് പ്രകാരം അംഗീകാരമുള്ള അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രധാനാദ്ധ്യാപകന് 7000/- രൂപയും, എച്ച്.എസ്.എയ്ക്ക് 6000/- രൂപയും പ്രൈമറി ടീച്ചർക്ക് 5000/- രൂപയും ക്ലാർക്കിന് 4000/- രൂപയും ക്ലാസ്സ് ഫോർ ജീവനക്കാർക്ക് 3500/- രൂപയും മിനിമം വേതനം ഉറപ്പു നൽകുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പിൽ നിന്നു പുറപ്പെടുവിച്ചിട്ടുള്ള സ.ഉ(പി) 155/2011/തൊഴിൽ തീയതി 12.9.2011 പ്രകാരം അനദ്ധ്യാപക ജീവനക്കാരുടെ മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>07.10.2011 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 202/2011/പൊ.വി. എന്ന മാർഗ്ഗനിർദ്ദേശത്തിലെ Clause (viii) പ്രകാരം സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സ്കൂളുകളിൽ അദ്ധ്യാപകർക്ക് സർക്കാർ സ്കൂളിലെ ശമ്പള സ്കെയിൽ അനുസരിച്ചുള്ള |

ശമ്പളവും അലവൻസും തന്നെ നൽകണമെന്ന് നിഷ്കർഷിക്കുന്നു. ഇത് ഉറപ്പുവരുത്തുന്നതിനായി എൻ.ഒ.സിയ്ക്കുള്ള അപേക്ഷയോടൊപ്പം സത്യവാങ്മൂലം സമർപ്പിക്കണമെന്നുണ്ട്.

**(സി)** എന്നു മുതൽ സേവന വേതന വ്യവസ്ഥകൾ നടപ്പിൽ വരുമെന്ന് വ്യക്തമാക്കാമോ?

**(സി)** 01.01.2011 മുതൽ പ്രാബല്യത്തിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. നിലവിലുള്ള നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിനുള്ള ശുപാർശയൊന്നും ഇപ്പോളില്ല.

സെക്ഷൻ ഓഫീസർ